(സി) പ്രസ്തുത അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, അവരുടെ പരിചയം, തെളിയിക്കപ്പെട്ട കഴിവ് എന്നിവ എന്തായിരുന്നു ; അവരുടെ കർത്തവ്യങ്ങൾ എന്തെല്ലാമായിരുന്നു ; അവർക്ക് ഓരോരുത്തർക്കും എന്തെല്ലാം പ്രതിഫലം നല്കി എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. ജോയ് ഇളമൺ, ശ്രീമതി മറിയാമ്മ സാനു ജോർജ്

(സി) ഡോ. ജോർജ് ഇളമൺ, എം.ബി.ബി.എസ്., എം.പി.എച്ച്.

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ മൂന്നു വർഷത്തെ പരിചയം, ആസൂത്രണ ബോർഡിൽ കൺസൾട്ടന്റ്, എറണാകുളം സാക്ഷരത പ്രസ്ഥാനത്തിന്റെ അസിസിറ്റന്റ് പ്രോജക്ട് ഓഫീസർ, വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട കൈപുസ്തകങ്ങൾ തയ്യാറാക്കൽ, പരിശീലനം സംഘടിപ്പിക്കൽ.

ശ്രീമതി മറിയാമ്മ സാനു ജോർജ്, എം.എ., എം.ഫിൽ

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ ആസൂത്രണബോർഡിൽ പ്രവർത്തിച്ച പരിചയം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, പരിശീലന പരിപാടികൾ എന്നിവയുടെ മോണിട്ടറിംഗ് ചുമതല വഹിച്ച പരിചയം വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങൾ, ഇവർക്ക് നൽകിയ പ്രതിഫലം ചുവടെ ചേർക്കുന്നു.

ഡോ. ജോയ് ഇളമൺ— 7.08 ലക്ഷം രൂപ

ശ്രീമതി മറിയാമ്മസാനു ജോർജ് —4.96 ലക്ഷം രൂപ

മൊബൈൽ ഫീൽഡ് ടീംസ്

38 (4473) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999 -ലെ ജി.ഒ.(എംഎസ്.) 58/99/പ്ലാനിംഗ് എന്ന ഉത്തരവ് അനുസരിച്ച് എത്ര മൊബൈൽ ഫീൽഡ് ടീംസിനാണ് സാംഗ്ഷൻ നൽകിയത് ;

(ബി) ഈ ടീമിൽ എത്ര പേരുണ്ടായിരുന്നു ;

(സി) ഇവരെ എപ്രകാരം തെരഞ്ഞെടുത്തു ;

(ഡി) ഇവരുടെ നിയമനം സംബന്ധിച്ച് വ്യാപകമായ പരസ്യം നൽകിയിരുന്നുവോ ;

(ഇ) ഈ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരും വിലാസവും വിദ്യാഭ്യാസ യോഗ്യതയും പരിചയവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇവരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ എന്തായിരുന്നു ;

(ജി) ഈയിനത്തിൽ ഒട്ടാകെ എന്തു ചെലവ് വന്നുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 14.

(ബി) 138 പേർ.

(സി) വോളന്ററി ടെക്നിക്കൽ കോർ മെമ്പർമാർ, കീ റിസോഴ്സ് പേഴ്സണൽ എന്നിവരിൽ നിന്ന് സ്വയംസന്നദ്ധരായി വന്നവരെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായി ചർച്ച ചെയ്ത് കാപ്ഡെക് പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുത്തു.

(ഡി) ഇല്ല.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) യാതൊരുവിധ ശമ്പളവും നൽകിയിട്ടില്ല. യാത്രാബത്ത നൽകിയിട്ടുണ്ട്.

(ജി) യാത്രാബത്തയിനത്തിൽ 5,00,407 രൂപ ചെലവായി.

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂഷൻസ്

39 (4474) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര സയന്റിഫിക് ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂഷനുകളുടെ കാറ്റഗറി തിരിച്ചുള്ള പേരുവിവരങ്ങൾ വ്യക്തമാക്കുമോ ;

(സി) സയന്റിഫിക് ഇൻസ്റ്റിറ്റ്യൂഷൻ ജില്ലകളിൽ അനുവദിക്കാനുള്ള മാനദണ്ഡം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഏറ്റവും ഒടുവിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, കേരളത്തിൽ 56 ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളും 56 വ്യവസായ ഗവേഷണ സ്ഥാപനങ്ങളും ഉണ്ട്. കൂടാതെ, സർവ്വകലാശാലകളിലും കോളേജുകളിലുമായി പ്രവർത്തിക്കുന്ന 367 ഗവേഷണ വകുപ്പുകളുമുണ്ട്.

(ബി) ഇവയുടെ കാറ്റഗറി തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ജില്ല തിരിച്ച് സയന്റിഫിക് ഇൻസ്റ്റിറ്റ്യൂഷനുകൾ അനുവദിക്കാൻ പ്രത്യേക മാനദണ്ഡങ്ങൾ ഒന്നുംതന്നെ ഉള്ളതായി അറിവില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly